# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ.99 | 11.07.2016-ൽ<br>മറുപടിക്ക് |

## സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി. ഉണ്ണി**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെട്ടുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കിയിരുന്നു. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും പൊതു ജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾ നിലവിൽ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സബ് രജിസ്ട്രാർ ഓഫീസുകളിൽ സജ്ജീകരിച്ചു നൽകിയിട്ടുണ്ട്. |
| ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ നടക്കുന്നതായി ആക്ഷേപമുള്ള അഴിമതിയും ക്രമക്കേടുകളും തടയാൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) 1. സേവനങ്ങൾ ലഭ്യമാകുവാൻ പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിക്കുന്നതിനും ഫീസടയ്ക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനും സാധിക്കുന്നുണ്ട്. കൂടാതെ Any where Registration സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>2. ഓഫീസുകളിലെ അഴിമതി തടയാനുതകുന്ന വിധത്തിൽ മേലുദ്യോഗസ്ഥന്മാരുടെ പരിശോധനകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്.<br>3. സബ് രജിസ്ട്രാർമാർ മുതലുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ അഴിമതി ആക്ഷേപങ്ങൾ |

ഉണ്ടായാൽ അവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ ഏതു സമയത്തും പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സബ് രജിസ്ട്രാർ ഓഫീസുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്‌വർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലായോ;

(സി) ഇടുക്കി ജില്ലയിലെ പുതുതായി ആരംഭിച്ച തോപ്രാംകുടി, പത്തനംതിട്ട ജില്ലയിലെ ഏനാദി മംഗലം, പാലക്കാട് ജില്ലയിലെ ചിറ്റൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിനാൽ ഈ മൂന്ന് ഓഫീസ് ഒഴികെ ബാക്കി 311 സബ് രജിസ്ട്രാർ ഓഫീസുകളിലും നെറ്റ്‌വർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) എന്തൊക്കെ സേവനങ്ങളാണ് ഓൺലൈനിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കുമോ; കൂടുതൽ സേവനങ്ങൾ ഓൺലൈൻ വഴി നൽകിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും ക്രമക്കേടും അഴിമതിയും തടയാൻ നടപടി സ്വീകരിക്കുമോ?

(ഡി)
1. ആധാര രജിസ്ട്രേഷനുവേണ്ടി ആധാര വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് ടോക്കൺ എടുക്കൽ.
2. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ
3. സാക്ഷ്യപ്പെടുത്തിയ ആധാരപ്പകർപ്പുകൾ
4. സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ
5. പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ
6. സൊസൈറ്റി രജിസ്ട്രേഷൻ

എന്നീ സേവനങ്ങളാണ് ഓൺലൈൻ സംവിധാനം വഴി പൊതുജനങ്ങൾക്ക് നൽകിവരുന്നത്.

ആധാര രജിസ്ട്രേഷനുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ പരിമിതമായ സൗകര്യങ്ങളാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ, രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചുവരുന്ന പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് പരിണാമപ്പെടുത്തിക്കൊണ്ട് സേവനപ്രദാനം വിപുലീകരിക്കുവാനും സർക്കാർ ആലോചിക്കുന്നു.

സെക്ഷൻ ഓഫീസർ